**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ആകെ എത്ര അപേക്ഷ ലഭിച്ചുവെന്നും; എത്ര അപേക്ഷകൾ നിരസിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ; | (എ) | 9,20,260 അപേക്ഷകൾ ലഭിച്ചു. അർഹതാ പരിശോധന നടത്തിയതിൽ 3,54,552അപേക്ഷകൾ അനർഹരായിട്ടുണ്ട്.<br><br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ എത്ര ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചു നൽകിയിട്ടുണ്ടെന്നും; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | നിലവിൽ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 12,845 ഗുണഭോക്താക്കൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ വയ്ക്കുന്ന മുറയ്ക്ക് അഡ്വാൻസായി ഓരോ ഗുണഭോക്താവിനും 40,000 രൂപയും അനുവദിച്ച് വരുന്നു. |
| (സി) | ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | സർക്കാർ നടത്തിയ അതിദാരിദ്ര്യ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന്റെ 15.11.2022-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെ ട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമെ 27.01.2023-ലെ സ.ഉ. (സാധാ) നം. 227/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അതിദരിദ്ര നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയവരും നിലവിൽ ലൈഫ് ലിസ്റ്റിൽ ഉൾപെടാതെ പോയവരുമായ, വീട് മാത്രം വേണ്ടവർ, വീടും സ്ഥലവും വേണ്ടവർ എന്നിവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് സേവനാവകാശ |

| | | | |
|---|---|---|---|
| | | | രേഖകൾ (റേഷൻ കാർഡ്, ആധാർ കാർഡ്,തെരഞ്ഞെടുപ്പ് എെ.ഡി കാർഡ്, തൊഴിലുറപ്പ് ഐ.ഡി കാർഡ് മുതലായവ) സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള മൈക്രോ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| DISTRICT WISE | Application Received | Eligible | Ineligible |
|---|---|---|---|
| Thiruvananthapuram | 116778 | 73979 | 42799 |
| Kollam | 82804 | 56164 | 26640 |
| Pathanamthitta | 27819 | 15460 | 12359 |
| Alappuzha | 63922 | 40983 | 22939 |
| Kottayam | 44882 | 28775 | 16107 |
| Idukki | 59997 | 37639 | 22358 |
| Ernakulam | 56896 | 40204 | 16692 |
| Thrissur | 77648 | 49208 | 28440 |
| Palakkad | 136235 | 82192 | 54043 |
| Malappuram | 82461 | 48424 | 34037 |
| Kozhikode | 55183 | 29449 | 25734 |
| Wayanad | 38959 | 23030 | 15929 |
| Kannur | 38547 | 17997 | 20550 |
| Kasaragod | 38129 | 22204 | 15925 |
| **Total** | **920260** | **565708** | **354552** |